<u>15 -ാം കേരള നിയമസഭ</u>

<u>8 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2435</u> <u>27-02-2023 - ൽ മറുപടിയ്ക്ക്</u>

<u>നികുതി വെട്ടിപ്പ് തടയാൻ നടപടി</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം.കെ . മുനീർ ,<br>ശ്രീ. മഞ്ഞളാംകുഴി അലി ,<br>ശ്രീ. പി . ഉബൈദുള്ള ,<br>ശ്രീ. ടി. വി. ഇബ്രാഹിം | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ചരക്ക് സേവന നികുതി വെട്ടിപ്പിനായി ഇൻവോയ്സും വ്യാജ ബില്ലും തയ്യാറാക്കി വൻ തുക കമ്മീഷൻ പറ്റുന്ന സംഘങ്ങൾ പ്രവർത്തിക്കുന്നതായി അന്വേഷണം നടത്തി കണ്ടെത്തിയിട്ടുണ്ടോ; | (എ) | ഉണ്ട്. അടയ്ക്ക, പ്ലൈവുഡ്, ഇരുമ്പ്, ആക്രി എന്നീ മേഖലകളിലാണ് മേൽപ്പറഞ്ഞ നികുതി വെട്ടിപ്പുകൾ കണ്ടെത്തിയിട്ടുള്ളത്. ഇതുമായി ബന്ധപ്പെട്ട് 4 കേസുകളിൽ നിന്നുമായി ജി എസ് ടി നിയമം സെക്ഷൻ 69 പ്രകാരം 6 അറസ്റ്റുകൾ നടത്തിയിട്ടുണ്ട്. ഇതിനു പുറമെ ജി എസ് ടി നിയമം സെക്ഷൻ 122, 74 പ്രകാരം നികുതി വെട്ടിപ്പുകാർക്കെതിരെ പെനാൽറ്റി, നികുതി നിർണയ നടപടികൾ വകുപ്പ് മേൽ കേസുകളിൽ സ്വീകരിച്ചുവരികയാണ്. |
| (ബി) | ഇത്തരം നികുതി വെട്ടിപ്പുകൾ തടയാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ? | (ബി) | **സംസ്ഥാന ചരക്ക സേവന നികുതി വകുപ്പിന്റെ പുന:സംഘടന വഴി ഇന്റലിജൻസ്, എൻഫോഴ്സ്മെന്റ് എന്നീ വിഭാഗങ്ങളുടെ ഘടനയിൽ മാറ്റം വരുത്തിക്കൊണ്ട് നികുതി വെട്ടിപ്പുകൾ തടയാൻ നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ പുന:സംഘടന വഴി രൂപീകരിക്കപ്പെട്ട ആഡിറ്റ് വിഭാഗത്തെ കേരളത്തിലുടനീളം വിന്യസിച്ച് പ്രവർത്തനമാരംഭിച്ചിട്ടുള്ളതും ഇത് നികുതി വെട്ടിപ്പിന് തടയിടുന്നതിന് വളരെയധികം പ്രയോജനകരവുമാണ്.** |

സെക്ഷൻ ഓഫീസർ